# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊയിലാണ്ടി നഗരസഭ — ഡോ.കെ. സുമയുടെ
ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കി വികസന ഫണ്ടിൽ അടച്ച തുക തിരികെ നൽകുന്നതിന്
പ്രത്യേക പദ്ധതി രൂപീകരിക്കുന്നതിന് -പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.1361 /2017/തസ്വഭവ. തിരുവനന്തപുരം, തീയതി: 03/05/ 2017

---

പരാമർശം: 1. 20/04/2015 ലെ എസി3/31/2015 – തസ്വഭവ നം കത്ത്.
2.സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 03/06/2015 ലെ
LF- 6087/ML3/2015 നം. കത്ത് .
3.കൊയിലാണ്ടി നഗരസഭ സെക്രട്ടറിയുടെ 25/02/2016-ലെ
ജി3-13156/11 നമ്പർ കത്ത്.
4. നഗരകാര്യഡയറക്ടറുടെ 12/08/2016 ലെ എഫ്3-6277/2013 നമ്പർ

## ഉത്തരവ്

കൊയിലാണ്ടി നഗരസഭ 2009-2010 ൽ നടപ്പിലാക്കിയ അന്ധതാ നിവാരണ പദ്ധതി എന്ന പ്രോജക്റ്റ് വികസന ഫണ്ടിൽ നിന്നും തുക ചിലവഴിച്ച് നടപ്പാക്കിയതിനാൽ ഓഡിറ്റ് പരാമർശം ഉണ്ടാവുകയും, അതിന്റെ പേരിൽ നിർവഹണ ഉദ്യോഗസ്ഥ ആയിരുന്ന ഡോ.സുമയുടെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും 53,419/-രൂപ ഈടാക്കി നഗരസഭയുടെ വികസന ഫണ്ടിൽ അടവാക്കുകയും ചെയ്തിരുന്നു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ക്രമവിരുദ്ധമായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തനതു ഫണ്ടിൽ നിന്നും വികസന ഫണ്ടിലേക്ക് റീക്ലൂപ് ചെയ്യുന്നതിന് സൂചന (1) പ്രകാരം പ്രത്യേക അനുവാദം നൽകുകയും, അപ്രകാരം റീക്ലൂപ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം തുടരേണ്ടതില്ലെന്ന് സൂചന (2) പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർഅഭിപ്രായപ്പെട്ടിരുന്നു.

2) ഓഡിറ്റ് തടസ്സം ഒഴിവാക്കിയ സാഹചര്യത്തിൽ ഡോ.സുമയുടെ പെൻഷൻ ആനുകൂല്യത്തിൽനിന്നും ഈടാക്കിയ 53,419/- രൂപ മടക്കിനൽകേണ്ടതായിട്ടുണ്ട്. നഗരസഭയുടെ വികസന ഫണ്ടിൽനിന്നും ഈ തുക പ്രോജക്റ്റ് മുഖേന മാത്രമേ പിൻവലിക്കുവാൻ സാധിക്കൂ എന്നതിനാൽ ഇതിനായി പ്രത്യേക പ്രോജക്റ്റ് രൂപീകരിക്കാൻ അനുവദിക്കണമെന്ന് കൊയിലാണ്ടി നഗരസഭ സെക്രട്ടറി സൂചന (3) പ്രകാരവും, നഗരകാര്യ വകുപ്പ് ഡയറക്ടർ സൂചന (4)പ്രകാരവും ആവശ്യപ്പെട്ടിരുന്നു.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ഓഡിറ്റ് തടസ്സം ഒഴിവാക്കിയ സാഹചര്യത്തിൽ ആരോഗ്യവകുപ്പിൽനിന്നും കൊയിലാണ്ടി നഗരസഭയുടെ വികസന ഫണ്ടിൽ അടവാക്കിയ 53,419/- രൂപ (അമ്പതിമൂവായിരത്തി നാന്നൂറ്റി പത്തൊൻപതു രൂപ മാത്രം )വികസന ഫണ്ടിൽനിന്നും പിൻവലിച്ച് ഡോ.സുമയ്ക്ക് നൽകുന്നതിനായി പ്രോജക്റ്റ് രൂപീകരിക്കാൻ കൊയിലാണ്ടി നഗരസഭയ്ക്ക് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു.എ.റ്റി
ഗവ.അണ്ടർ സെക്രട്ടറി

സെക്രട്ടറി, കൊയിലാണ്ടി നഗരസഭ
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്.
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ ,ഐ.കെ.എം,തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.